# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ജൂലൈ 14, വ്യാഴാഴ്ച

**നമ്പർ 71**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം :

അട്ടപ്പാടി മുരുഗള ഊരിൽ നാലു മാസം പ്രായമുള്ള കുഞ്ഞ് മരണമടഞ്ഞതുൾപ്പെടെ അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ ശിശുമരണങ്ങൾ തുടരുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ. ഷംസുദ്ദീനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയ്ക്ക് നോട്ടീസ് നല്കിയിരുന്നു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

[അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് സംസാരിക്കുന്ന വേളയിൽ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തെത്തുടർന്നുണ്ടായ പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ രാവിലെ 10.50 -ന് താത്കാലികമായി നിർത്തിവച്ചു.]

രാവിലെ 11.10-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭാ സമ്മേളനം പുനഃരാരംഭിച്ചു.

(വിഷയത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

KNPP.985/2022(i)

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിച്ച ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിച്ച് ജനസംഖ്യാനുപാതത്തിൽ അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനും പഠിക്കുന്നതിനും ഒരു കമ്മീഷനെ നിയമിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പ്രമോദ് നാരായൺ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കൊച്ചിയിൽ ടൂറിസം ഡെസ്റ്റിനേഷനുകൾ കോർത്തിണക്കി ഒരു ടൂറിസം ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതിന്റെയും ഒരു മൈക്രോ ഹൈഡൽ ടൂറിസം പ്ലാനിംഗ് നടത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. ടി. ജെ. വിനോദ് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | പൂഞ്ഞാറിലെ ഉരുൾപൊട്ടലിൽ തകർന്ന ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. ടി. സിദ്ദിഖ് | കാലിത്തീറ്റയുടെ വില വർദ്ധനവ് | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | തൃപ്പൂണിത്തുറയിലെ ഇരുമ്പു പാലം | ധനകാര്യ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. പി. പി. സുമോദ് | കോട്ടായി IHRD കോളേജിന്റെ കെട്ടിട നിർമ്മാണം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. ആർ. സുനിൽ കുമാർ | സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 6 | ശ്രീ. എച്ച്. സലാം | ദേശീയപാത-66 -ലെ അമ്പലപ്പുഴ ഭാഗത്തെ കുഴികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. കുറുക്കോളി മൊയ്തീൻ | തിരൂർ-പൊൻമുണ്ടം റെയിൽവെ ഓവർബ്രിഡ്ജ് ഗതാഗതയോഗ്യമാക്കാൻ നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടി നഗരസഭാ ജംഗ്ഷന് സമീപത്തെ അടിപ്പാതയുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 9 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | മോട്ടോർ തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ | ഗതാഗത വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. വി. സുമേഷ് | മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന മരബോട്ടുകളുടെ ലൈസൻസ് | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം :

(i) സബ്ജക്ട് കമ്മിറ്റി II-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(ii) 2022-ലെ കേരള ധനകാര്യ ബിൽ, 2022-ലെ കേരള ധനകാര്യ (2 - ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(iii) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ആറു മുതൽ പത്തു വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(iv) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ധനകാര്യം :

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

(I) വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരികം എന്ന XVII - ാം നമ്പർ ധനാഭ്യർത്ഥന, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയും, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

XVII- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 9, 10, 12, 14, 16, 20, 25, 27, 32, 33, 34 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXIV- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 5, 7, 8, 10, 15, 19, 20, 21, 23, 27, 28, 29, 30, 32, 34 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XLVI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 5, 6, 7, 8, 15, 16, 18, 19, 21, 23, 24, 25, 27, 28, 32, 34, 35 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു :

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. വി. ശശി

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. എം. മുകേഷ്

ശ്രീമതി ദെലീമ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എം. വിജിൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ഡോ. കെ. ടി. ജലീൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. ടി. സിദ്ദീഖ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയും, ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും, സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും, മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും, പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XVII, XXIV, XLVI എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

(II) പോലീസ് എന്ന XII- ാം നമ്പർ ധനാഭ്യർത്ഥനയുടേയും, ജയിലുകൾ എന്ന XIII- ാം നമ്പർ ധനാഭ്യർത്ഥനയുടെയും, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV- ാം ധനാഭ്യർത്ഥനയുടേയും, വാർത്താ വിതരണവും പ്രചരണവും എന്ന XXIII- ാം ധനാഭ്യർത്ഥനയുടേയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും ശ്രീ. കെ. രാധാകൃഷ്ണൻ മേശപ്പുറത്തു വച്ചു.

XII- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 5, 6, 7, 10, 11, 15, 16, 18, 19, 21, 22, 23, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XIII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 17, 19, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XIV- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 4, 5, 6, 7, 8, 10, 12, 13, 14, 15, 16, 18, 23, 24, 25, 27, 29, 30, 31, 32, 33, 34, 35, 36, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXIII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 6, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 20, 21, 22, 24, 25, 26, 27, 28, 29, 30, 31, 32, 33, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. നൗഷാദ്

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. എ. എൻ. ഷംസീർ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കെ. കെ. രമ

ശ്രീ. എം. എം. മണി

(ബഹു. അംഗത്തിന്റെ പ്രസംഗത്തിലെ ചില പരാമർശത്തിന്മേൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. തുടർന്ന് വൈകിട്ട് 6.53-ന് സഭ താത്കാലികമായി നിർത്തിവച്ചു.)

വൈകിട്ട് 7.03 -ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ പുനഃരാരംഭിച്ചു. 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച തുടർന്നു.

താഴെപറയുന്ന അംഗം ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. രമേശ് ചെന്നിത്തല

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകി.

(ശ്രീ. എം. എം. മണി നടത്തിയ പരാമർശത്തിന് ഖേദം പ്രകടിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XII, XIII, XIV, XXIII എന്നിവ ഐകകണ്ഠ്യേന പാസ്സാക്കി.

2022 ജൂലൈ 15- ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 8.19 - ന് സഭ പിരിഞ്ഞു.

കവിത ഉണ്ണിത്താൻ,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Fifth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, July 14, 2022*

**No. 71**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Devaswoms, and Parliamentary Affairs, the Speaker withheld consent to the moving of an adjournment motion given notice of by Shri N. Samsudheen and three other Members regarding the serious situation reported to have arisen consequent to the ongoing child deaths in the tribal areas of Attappady, including the death of a four month old baby in Attappady Murugala Oor.

**[**The House was temporarily adjourned at 10.50 a.m. following the commotion in connection with the explanation given by the Minister for Health Woman and Child Development during the speech of the Leader of Opposition made in protest against the denying of consent to the moving of the notice for leave to introduce adjournment motion.**]**

The House re-assembled at 11.10 a.m. with Mr. Speaker in the Chair.

(As a mark of protest against the attitude of the Government with regard to the matter of Adjournment Motion, the Members belonging to the opposition staged a walkout.)

KNPP.985/2022 (ii)

*Calling Attention :*

(1) Shri Pramod Narayan called the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Devaswoms and Parliamentary Affairs to the necessity to appoint a new Commission to study and assess the benefits due to Viswakarmajas in proportion to their population and to resolve the defects in the report of Sankaran Commission which studied their problems. The Minister made a statement thereto.

(2) Shri T. J. Vinod called the attention of the Minister for Public Works, Tourism and Youth Affairs to the necessity to prepare a tourism action plan and conduct a micro-hydel tourism action plan connecting tourism destinations in Kochi. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | പൂഞ്ഞാറിലെ ഉരുൾപൊട്ടലിൽ തകർന്ന ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. ടി. സിദ്ദിഖ് | കാലിത്തീറ്റയുടെ വില വർദ്ധനവ് | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | തൃപ്പൂണിത്തുറയിലെ ഇരുമ്പുപാലം | ധനകാര്യ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. പി. പി. സുമോദ് | കോട്ടായി IHRD കോളേജിന്റെ കെട്ടിട നിർമ്മാണം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. ആർ. സുനിൽ കുമാർ | സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 6 | ശ്രീ. എച്ച്. സലാം | ദേശീയപാത-66-ലെ അമ്പലപ്പുഴ ഭാഗത്തെ കുഴികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. കുറുക്കോളി മൊയ്തീൻ | തിരൂർ-പൊൻമുണ്ടം റെയിൽവെ ഓവർബ്രിഡ്ജ് ഗതാഗതയോഗ്യമാക്കാൻ നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടി നഗരസഭാ ജംഗ്ഷന സമീപത്തെ അടിപ്പാതയുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 9 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | മോട്ടോർ തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ | ഗതാഗത വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. വി. സുമേഷ് | മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന മരബോട്ടുകളുടെ ലൈസൻസ് | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports :*

(i) The Periodical Report from 1st April 2021 to 31st March 2022 and the Report on the action taken on the First report regarding the scrutiny of demands for grants for the year 2021-2022 of the Subject Committee - II were presented.

(ii) The Reports of the Subject Committee - VIII on the Kerala Finance Bill, 2022 and the Kerala Finance Bill (No. 2) 2022 were presented.

(iii) The Sixth to Tenth Reports of the Committee on Subordinate Legislation were presented.

(iv) The Sixth Report of the Committee on Private Members' Bills and Resolutions was presented.

*Financial Business :*

Discussion and Voting on Demands for Grants in the Budget for the financial year 2022-23

(I) Shri V. Sivankutty, Minister for General Education and Labour moved Demand No. XVII – Education, Sports, Art and Culture and Demand No. XXIV – Labour and Labour Welfare and Welfare of Non-Residents and Dr. R. Bindu, Minister for Higher Education and Social Justice moved Demand No. XLVI – Social Security and Welfare for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the Table statements under Rule 236 (3) relating to Demands Nos. XVII, XXIV and XLVI.

The cut motion Nos. 2, 3, 4, 9, 10, 12, 14, 16, 20, 25, 27, 32, 33, 34 in the list of cut motions for Demand No. XVII, cut motion Nos. 1, 3, 4, 5, 7, 8, 10, 15, 19, 20, 21, 23, 27, 28, 29, 30, 32, 34 in the list of cut motions for Demand No. XXIV and cut motion Nos. 5, 6, 7, 8, 15, 16, 18, 19, 21, 23, 24, 25, 27, 28, 32, 34, 35 in the list of cut motions for Demand No. XLVI were moved.

The following members took part in the discussion;

Shri K. M. Sachindev

Shri Saneeshkumar Joseph

Shri V. Sasi

Shri U. A. Lathif

Shri M. S. Arun Kumar

Shri Pramod Narayan

Shri M. Mukesh

Smt. Daleema

Shri I. C. Balakrishnan

Shri M. Vijin

Shri Ramachandran Kadannappalli

Dr. K. T. Jaleel

Shri T. V. Ibrahim

Shri E. T. Taison Master

Shri K. K. Ramachandran

Shri T. Siddique

Shri V. Sivankutty, Minister for General Education and Labour, Dr. R. Bindu, Minister for Higher Education and Social Justice, Shri. V. N. Vasavan, Minister for Co-operation, Registration and Culture, Shri V. Abdurahiman, Minister for Fisheries, Sports, Wakf and Haj Pilgrimage and Shri P. A. Mohamed Riyas, Minister for Public Works, Tourism and Youth Affairs replied to the points raised during the discussion. The cut motions were declared lost. Then the Demands Nos. XVII, XXIV and XLVI were put to vote and passed.

(II) Shri Pinarayi Vijayan, Chief Minister moved Demand No. XII – Police, Demand No. XIII – Jails, Demand No. XIV – Stationery and Printing and Other Administrative Services and Demand No. XXIII – Information and Publicity for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes, Devaswoms and Parliamentary Affairs on behalf of Minister for Finance laid on the Table statements under Rule 236 (3) relating to these Demands.

The cut motion Nos. 1, 2, 3, 5, 6, 7, 10, 11, 15, 16, 18, 19, 21, 22, 23, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37 in the list of cut motions for Demand No. XII, cut motion Nos. 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 17, 19, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 36 in the list of cut motions for Demand No. XIII, cut motion Nos. 1, 4, 5, 6, 7, 8, 10, 12, 13, 14, 15, 16, 18, 23, 24, 25, 27, 29, 30, 31, 32, 33, 34, 35, 36, 37 in the list of cut motions for Demand No. XIV and cut motion Nos. 1, 6, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 20, 21, 22, 24, 25, 26, 27, 28, 29, 30, 31, 32, 33, 35, 36 in the list of cut motions for Demand No. XXIII were moved.

The following members took part in the discussion;

Shri K. P. Kunhammed Kutti Master

Shri Thiruvanchoor Radhakrishnan

Shri V. R. Sunil Kumar

Shri N. Samsudheen

Smt. Santhakumari K.

Shri Sebastian Kulathunkal

Shri K. U. Jenish Kumar

Shri M. Noushad

Shri Thomas K. Thomas

Shri A. N. Shamseer

Dr. M. K. Muneer

Shri P. Balachandran

Smt. K. K. Rema

Shri M. M. Mani

(In protest against certain remarks made by the Member in his speech, Members belonging to opposition raised slogans and tried to disrupt the proceedings of the House. The Speaker temporarily adjourned the House at 6.53 p.m.)

The House re-assembled at 7.03 a.m. with Mr. Speaker in the Chair. The discussion on Demands for Grants in the Budget for the financial year 2022-23 continued.

The following Member took part in the discussion:

Shri Ramesh Chennithala

Shri Pinarayi Vijayan, the Chief Minister replied to the points raised during the discussion.

(The Members belonging to Opposition boycotted the remaining proceedings of the House demanding apology from Shri M. M. Mani for his remarks.)

The cut motions were declared lost. Then the Demand No. XII, XIII, XIV and XXIII were passed unanimously.

The House adjourned at 8.19 p.m. to meet again at 9.00 a.m on Friday, July 15, 2022.

KAVITHA UNNITHAN,

*Secretary-in-Charge.*